"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

നികുതി വകുപ്പ് - രജിസ്ട്രേഷൻ - നിലവിൽ ഉപയോഗിക്കുന്ന മാതൃകകൾക്ക് പകരം സംസ്ഥാനത്തൊട്ടാകെ സർക്കാർ അംഗീകരിച്ചിട്ടുള്ള ഫോം രൂപത്തിലുള്ള മാതൃകകൾ (ടെംബ്ളേറ്റ്) ആധാര രജിസ്ട്രേഷനായി ഉപയോഗിക്കുന്നതിന് അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**നികുതി (ജെ) വകുപ്പ്**

സ.ഉ.(സാധാ) നം.1138/2025/TAXES തീയതി,തിരുവനന്തപുരം, 29-12-2025

---

പരാമർശം:-
1. സ.ഉ(സാധാ)നം.343/2022/ടാക്സസ് തീയതി 29.04.2022
2. സ.ഉ(സാധാ)നം.230/2024/ടാക്സസ് തീയതി 11.03.2024
3. രജിസ്ട്രേഷൻ ഇൻസ്പെക്ടർ ജനറലിന്റെ 26.09.2025 തീയതിയിലെ IGR/8414/2019-RR9 നമ്പർ കത്ത്

**ഉത്തരവ്**

പരാമർശം (1) പ്രകാരം ധന നിശ്ചയാധാരങ്ങൾക്കും പരാമർശം (2) പ്രകാരം മറ്റ് 18 ആധാരങ്ങൾക്കും ഫോം രൂപത്തിലുള്ള ആധാര മാതൃക അംഗീകരിച്ച് സർക്കാർ ഉത്തരവായിട്ടുണ്ട്. ടി മാതൃകകൾ ഉപയോഗിച്ചുള്ള ആധാര രജിസ്ട്രേഷൻ പരീക്ഷണാടിസ്ഥാനത്തിൽ ഡിജിറ്റൽ സർവ്വെ പൂർത്തിയാക്കിയ വില്ലേജുകൾ അധികാര പരിധിയായി വരുന്ന സബ് രജിസ്ട്രാർ ഓഫീസുകളിൽ ആദ്യഘട്ടത്തിൽ ഐച്ഛികമായി നടപ്പിലാക്കാവുന്നതാണെന്നും ആയതിന്റെ പ്രവർത്തനം വിലയിരുത്തിയ ശേഷം മറ്റ് സബ് രജിസ്ട്രാർ ഓഫീസുകളിൽ വ്യാപിപ്പിക്കുന്നതിന് തീരുമാനം എടുക്കുന്നതാണെന്നും പരാമർശം (2) പ്രകാരം ഉത്തരവായിരുന്നു. ആയത് പ്രകാരം ബദിയടുക്ക സബ് രജിസ്ട്രാർ ഓഫീസിൽ ടെംപ്ലേറ്റ് സൗകര്യം ഉപയോഗിച്ച് ഓൺലൈനായി ആധാരം രജിസ്റ്റർ ചെയ്യുകയും ചെയ്തിട്ടുണ്ട്.

2) നിലവിൽ PEARL software വഴിയുള്ള ആധാര രജിസ്ട്രേഷന് കക്ഷികളിൽ നിന്നും ഇൻഡക്സ് തയ്യാറാക്കുന്നതിനാവശ്യമായ ഡാറ്റ മാത്രം സ്വീകരിച്ച്, ആധാരം

മാനുവലായി തയ്യാറാക്കുകയാണ് ചെയ്യുന്നതെന്നും എന്നാൽ "എന്റെ ഭൂമി" പോർട്ടലിൽ ആധാരം ടെംപ്ലേറ്റ് രൂപത്തിൽ സിസ്റ്റം ജനറേറ്റഡ് ആയാണ് വരുന്നതെന്നും ഡിജിറ്റൽ സർവ്വെ പൂർണ്ണമായും നടപ്പിലാക്കുന്നതിന് കാലതാമസം വരുമെന്നുള്ളതിനാലും ആധാര മാതൃകകൾ ലഘൂകരിച്ച് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ള സാഹചര്യത്തിലും സംസ്ഥാനത്തൊട്ടാകെ സർക്കാർ അംഗീകരിച്ചിട്ടുള്ള ടെംപ്ലേറ്റ് മാതൃകകൾ ഉപയോഗിക്കുകയും, അതിൽ ആവശ്യമായ മാറ്റങ്ങൾ/കൂട്ടിച്ചേർക്കലുകൾ വരുത്തി ആധാരം തയ്യാറാക്കുകയും ചെയ്യുന്നത് ടെംബ്ളേറ്റ് മാതൃകകൾ പൊതുജനങ്ങൾക്ക്/ആധാരമെഴുത്തുകാർ/അഡ്വക്കേറ്റുമാർ എന്നിവർക്ക് പരിചിതമാകാൻ സഹായിക്കുമെന്നും ആയതിനാൽ നിലവിൽ ഉപയോഗിക്കുന്ന മാതൃകകൾക്ക് പകരം സംസ്ഥാനത്തൊട്ടാകെ സർക്കാർ അംഗീകരിച്ചിട്ടുള്ള ഫോം രൂപത്തിലുള്ള മാതൃകകൾ (ടെംബ്ളേറ്റ്) ആധാര രജിസ്ട്രേഷനായി ഉപയോഗിക്കുന്നതിനുള്ള അനുമതി നൽകണമെന്നും രജിസ്ട്രേഷൻ ഇൻസ്പെക്ടർ ജനറൽ പരാമർശം (3) പ്രകാരം സർക്കാരിനോട് അഭ്യർത്ഥിക്കുകയുണ്ടായി.

3) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ഇപ്പോൾ ഉപയോഗിക്കുന്ന മാതൃകകൾക്ക് പകരം സംസ്ഥാനത്തൊട്ടാകെ സർക്കാർ അംഗീകരിച്ചിട്ടുള്ള ഫോം രൂപത്തിലുള്ള മാതൃകകൾ (ടെംബ്ളേറ്റ്) ആധാര രജിസ്ട്രേഷനായി ഉപയോഗിക്കുന്നതിന് നിലവിൽ ആധാര എഴുത്തുകാർ/ അഡ്വക്കേറ്റുമാർ മുഖാന്തരം മാത്രം എന്ന് നിജപ്പെടുത്തി അനുമതി നൽകി ഇതിനാൽ ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
കെ ആർ ജ്യോതിലാൽ
അഡീഷണൽ ചീഫ് സെക്രട്ടറി

രജിസ്ട്രേഷൻ ഇൻസ്പെക്ടർ ജനറൽ, തിരുവനന്തപുരം.

ലാൻഡ് റവന്യൂ കമ്മീഷണർ, തിരുവനന്തപുരം.

ഡയറക്ടർ, സർവ്വെ-ഭൂരേഖ വകുപ്പ്, തിരുവനന്തപുരം.

റവന്യൂ വകുപ്പ്

സ്റ്റേറ്റ് ഇൻഫർമാറ്റിക്സ് ഓഫീസർ, എൻ.ഐ.സി, തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ (എ&ഇ /ഓഡിറ്റ്), കേരളം, തിരുവനന്തപുരം.

സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
Signed by Sabu Thomas T
Date: 30-12-2025 14:02:01
സെക്ഷൻ ഓഫീസർ